"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - കറുകച്ചാൽ ഗ്രാമപഞ്ചായത്ത് - കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 1999-2000 വർഷത്തെ സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക. 40 പ്രകാരം തടസ്സപ്പെടുത്തിയ 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവ് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എ.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.175/2026/LSGD തീയതി,തിരുവനന്തപുരം, 21-01-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/05/2023-ലെ LSGD/PD/31087/2023-AM3 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/09/2025-ലെ DKSA/2232/2025/PT1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ 1999-2000 സാമ്പത്തിക വർഷത്തിൽ 5 വയസ്സിനും 70 വയസ്സിനും ഇടയിലുള്ള ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് അപകടങ്ങൾക്ക് എതിരെ ഒരു വർഷത്തേയ്ക്ക് ഇൻഷുറൻസ് ഏർപ്പെടുത്തി, ഒരു വ്യക്തിക്ക് 4 രൂപ 80 പൈസ നിരക്കിൽ 30,000/- രൂപ ചെലവഴിച്ചിരുന്നു. എന്നാൽ സർക്കാർ അനുമതിയില്ലാതെ ചെലവഴിച്ച ടി തുക കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 1999-2000 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക. 40 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2) മേൽ ഓഡിറ്റ് പരാമർശം സാധൂകരിക്കുന്നതിലേയ്ക്കായി കറുകച്ചാൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 13/10/2021-ലെ 9(1)-ാംനമ്പർ അഭ്യർത്ഥന പരാമർശം (1) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം, 5 വയസ്സിനും 70 വയസ്സിനും ഇടയ്ക്കുള്ള ഗ്രാമപഞ്ചായത്ത് നിവാസികളെ ഒരു വർഷത്തേയ്ക്ക് അപകടത്തിനെതിരെ ഇൻഷുറൻസ് ചെയ്യുന്നതിന് ഒരു വ്യക്തിക്ക് 4 രൂപ 80 പൈസ നിരക്കിൽ ആകെ 30,000/- രൂപയുടെ പ്രീമിയം നാഷണൽ ഇൻഷുറൻസ് പദ്ധതി, തിരുവല്ല ബ്രാഞ്ചിൽ അടച്ചിട്ടുണ്ടെന്നും, ഈ ചെലവ് സർക്കാർ അനുമതി ഇല്ലാതെയാണ് നടപ്പാക്കിയതെന്നും, ഗ്രാമപഞ്ചായത്ത് നിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി സദുദ്ദേശത്തോടെ നടത്തിയ പദ്ധതിയാണെന്നും, ആ സമയത്ത് പ്രവൃത്തി ഏറ്റെടുക്കുന്നതിന് തടസ്സമില്ലായിരുന്നുവെന്നും, ഒട്ടേറെ ജനങ്ങൾക്ക് പ്രയോജനം ലഭിച്ചതായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നും, ടി ചെലവിന് സർക്കാർ സാധൂകരണം ലഭ്യമാക്കണമെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പുതന്നെ നിർദ്ദേശിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ഇൻഷ്വറൻസ് പദ്ധതി ചെലവിന് സാധൂകരണം നൽകുന്നതിനായി കറുകച്ചാൽ പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരവും, 24/05/2022-ലെ കോട്ടയം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 6-ാം നമ്പർ അനുകൂല ശിപാർശയും ലഭ്യമായിട്ടുണ്ടെന്നും ആയതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിരുന്നു.

4) കറുകച്ചാൽ ഗ്രമാപഞ്ചായത്തിന്റെ 13/10/2021-ലെ 9(1)-ാംനമ്പർ തീരുമാനം, കോട്ടയം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 24/05/2022-ലെ 6-ാം നമ്പർ തീരുമാനം, തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് കറുകച്ചാൽ ഗ്രാമപഞ്ചയാത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക.40 പ്രകാരം തടസ്സപ്പെടുത്തിയ ചെലവിന് സാധൂകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായ തീരുമാനം എടുക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

5) മേൽ വസ്തുതകൾ, കറുകച്ചാൽ ഗ്രാമപഞ്ചായത്തിന്റെ 13/10/2021-ലെ 9(1)-ാം നമ്പർ കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടേയും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടേയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടേയും അനുകൂല ശിപാർശകൾ എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി സദുദ്ദേശത്തോടെ നടപ്പിലാക്കിയ പദ്ധതിയായതിനാലും 5 വയസിനും 70 വയസ്സിനും ഇടയിൽ പ്രായമുള്ള ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ഇൻഷ്വറൻസ് പ്രീമിയം ഏർപ്പെടുത്തിയതിലൂടെ പ്രയോജനം ലഭിച്ചതിനാലും കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചയാത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക. 40 പ്രകാരം തടസ്സപ്പെടുത്തിയ 30,000/-(മുപ്പതിനായിരം രൂപ) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LIZY SUSAN JOHN
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, കോട്ടയം
സെക്രട്ടറി, കറുകച്ചാൽ ഗ്രാമപഞ്ചായത്ത്, കോട്ടയം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര, പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)
സ്റ്റോക് ഫയൽ / ഓഫീസ് കോപ്പി (LSGD-AB1/59/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 21-01-2026 16:02:47